ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 02.06.2026**

## പ്രധാനവാർത്തകൾ

1. പതിനാറാം കേരള നിയമസഭയിലെ ഡെപ്യൂട്ടി സ്പീക്കറായി ഷാനിമോൾ ഉസ്മാൻ തിരഞ്ഞെടുക്കപ്പെട്ടു.

2. ഇന്ധന വിലവർധന പരിശോധിച്ച്, സർക്കാർ നടപടികൾ സ്വീകരിക്കുമെന്ന് മുഖ്യമന്ത്രി വി.ഡി.സതീശൻ നിയമസഭയിൽ; വിലക്കയറ്റവുമായി ബന്ധപ്പെട്ട് പ്രതിപക്ഷം കൊണ്ടുവന്ന അടിയന്തര പ്രമേയ നോട്ടീസിന് സ്പീക്കർ അനുമതി നിഷേധിച്ചു.

3. ലഹരിക്കെതിരായി സംസ്ഥാന ആഭ്യന്തര വകുപ്പ് ആരംഭിച്ച ഓപ്പറേഷൻ തൂഫാൻ പദ്ധതിയ്ക്ക് ഇന്ന് തിരുവനന്തപുരത്ത് തുടക്കം.

4. ജനപങ്കാളിത്തത്തോടെ കേരളത്തിലെ ഊർജ മേഖലയിൽ മികച്ച മാറ്റങ്ങൾ കൊണ്ടുവരാൻ ലക്ഷ്യമിടുന്നതായി വൈദ്യുതി മന്ത്രി സണ്ണി ജോസഫ്.

5. മലയാള സിനിമയിലെ വിവിധ സംഘടന പ്രതിനിധികളുമായി മന്ത്രി പി.സി.വിഷ്ണുനാഥ് ഇന്ന് ചർച്ച നടത്തും.

RNU TVPM

6. സംസ്ഥാനത്ത് മഴ ശക്തി പ്രാപിക്കുന്നു; 10 ജില്ലകളിൽ മഞ്ഞ ജാഗ്രത; കേരളം- ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.

****************************************************

## ഡെപ്യൂട്ടി സ്പീക്കർ

പതിനാറാം കേരളം നിയമസഭയിലെ ഡെപ്യൂട്ടി സ്പീക്കറായി ഷാനിമോൾ ഉസ്മാൻ തിരഞ്ഞെടുക്കപ്പെട്ടു. കോൺഗ്രസിലെ ഷാനിമോൾ ഉസ്മാനും സിപിഐയിലെ മുഹമ്മദ് മൊഹ്സിനും തമ്മിലായിരുന്നു മത്സരം. ഷാനിമോൾ ഉസ്മാനു 99 വോട്ടുകൾ ലഭിച്ചപ്പോൾ , മുഹമ്മദ് മൊഹ്സിനു 34 വോട്ടുകൾ ആണ് ലഭിച്ചത്. 4 പേർ വോട്ട് ചെയ്തില്ല. മൂന്നര പതിറ്റാണ്ടിന് ശേഷമാണ് ഒരു വനിത, ഡെപ്യൂട്ടി സ്പീക്കർ സ്ഥാനത്തേക്ക് എത്തുന്നത്. ഡെപ്യൂട്ടി സ്പീക്കറായി തിരഞ്ഞെടുക്കപ്പെട്ട ഷാനിമോൾ ഉസ്മാനെ സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ അഭിനന്ദിച്ചു.

RNUTVPM

****************************************************

## അടിയന്തര പ്രമേയം (ഇൻട്രോ)

വിലക്കയറ്റവുമായി ബന്ധപ്പെട്ട് നിയമസഭയിൽ പ്രതിപക്ഷം അവതരിപ്പിച്ച അടിയന്തര പ്രമേയ നോട്ടീസിന് സ്പീക്കർ അനുമതി നിഷേധിച്ചു. സഭാ നടപടികൾ നിർത്തിവെച്ച് വിഷയം ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് കെ.എൻ.ബാലഗോപാലാണ് നോട്ടീസ് നൽകിയത്. പെട്രോളിയം വില വർധന ഉൾപ്പടെ ജനജീവിതം ദുഷ്കരമാക്കിയതായി പ്രതിപക്ഷം കുറ്റപ്പെടുത്തി. പാചകവാതക വില വർധനവിൽ സംസ്ഥാനത്തെ 70,000 ത്തോളം ഹോട്ടലുകളുടെ പ്രവർത്തനം പ്രതിസന്ധിയിലാണെന്ന് പ്രതിപക്ഷ നേതാവ് പിണറായി വിജയൻ പറഞ്ഞു. ഇന്ധന വിലവർധനയിൽ പരിശോധിച്ച്, സർക്കാർ നടപടികൾ സ്വീകരിക്കുമെന്ന് മുഖ്യമന്ത്രി

വി.ഡി.സതീശൻ സഭയിൽ വ്യക്തമാക്കി. കേരളത്തിന്റെ സാമ്പത്തിക സ്ഥിതിയെക്കുറിച്ച് ധവളപത്രം ഉടൻ ഇറക്കുമെന്നും മുഖ്യമന്ത്രി അറിയിച്ചു.

(ഹോൾഡ്.........)

അടിയന്തര പ്രമേയ നോട്ടീസിന് അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് പ്രതിപക്ഷം സഭയിൽ നിന്ന് ഇറങ്ങിപ്പോയി. ടി.യു കുരുവിള, കെ.പി.ഉണ്ണിക്കൃഷ്ണൻ, കെ.പി.ധനപാലൻ എന്നിവർക്ക് സഭ ഇന്ന് ചരമോപചാരം അർപ്പിച്ചിരുന്നു. ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിനുള്ള നന്ദി പ്രമേയ ചർച്ചയും സഭയിൽ ഇന്നാരംഭിക്കും.

****************************************************

## ഓപ്പറേഷൻ തൂഫാൻ

ലഹരിക്കെതിരായി സംസ്ഥാന ആഭ്യന്തര വകുപ്പ് ആരംഭിച്ച 'ഓപ്പറേഷൻ തൂഫാൻ; **The Narco Hunt**' പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം ഇന്ന് തിരുവനന്തപുരം കോട്ടൺഹിൽ സ്കൂളിൽ മുഖ്യമന്ത്രി വി. ഡി. സതീശൻ നിർവ്വഹിക്കും. ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തല ചടങ്ങിൽ അദ്ധ്യക്ഷത വഹിക്കും.

****************************************************

## മുഖ്യമന്ത്രി

പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടികൾ സ്വീകരിക്കുമെന്ന് മുഖ്യമന്ത്രി വി.ഡി.സതീശൻ. സെക്രട്ടേറിയറ്റിൽ വിവിധ വകുപ്പ് സെക്രട്ടറിമാരുമായി ഇന്നലെ നടത്തിയ ഉന്നതതല യോഗത്തിലാണ് മുഖ്യമന്ത്രി ഇക്കാര്യം വ്യക്തമാക്കിയത്. സെക്രട്ടേറിയറ്റിലെ പൊതുവായ പ്രശ്നങ്ങളും

RNUTVPM

വിവിധ വകുപ്പുകളിലെ പ്രശ്നങ്ങളും മുഖ്യമന്ത്രി അവലോകനം ചെയ്യു.

*****************************************************

## സണ്ണി ജോസഫ്

ജന പങ്കാളിത്തത്തോടെ കേരളത്തിലെ ഊർജ മേഖലയിൽ മികച്ച മാറ്റങ്ങൾ കൊണ്ടുവരാൻ ലക്ഷ്യമിടുന്നതായി വൈദ്യുതി മന്ത്രി സണ്ണി ജോസഫ്. ഇതിനായി ജനങ്ങളിൽ നിന്നും നിർദേശങ്ങളും അഭിപ്രായങ്ങളും സ്വീകരിക്കും. കേരളത്തിന്റെ വൈദ്യുതി മേഖലയെ കൂടുതൽ കാര്യക്ഷമവും ജനസൗഹൃദവുമാക്കാൻ ഇതിലൂടെ സാധിക്കുമെന്നും മന്ത്രി സമൂഹമാധ്യമത്തിൽ പറഞ്ഞു.

*****************************************************

## സിനിമ - ചർച്ച

മലയാള സിനിമയിലെ വിവിധ സംഘടന പ്രതിനിധികളുമായി വകുപ്പ് മന്ത്രി പി. സി. വിഷ്ണുനാഥ് ഇന്ന് തിരുവനന്തപുരത്ത് ചർച്ച നടത്തും. അഭിനേതാക്കൾ, നിർമാതാക്കൾ, വിതരണക്കാർ, തിയേറ്റർ ഉടമകൾ, സാങ്കേതിക പ്രവർത്തകർ ഉൾപ്പെടെയുള്ള ചലച്ചിത്ര മേഖലയിലെ എല്ലാ പ്രമുഖ സംഘടനകളുടെയും പ്രതിനിധികളെ ക്ഷണിച്ചിട്ടുണ്ട്.

RNU TVPM

*****************************************************

## മഴ - കേരളം

കേരളത്തിൽ മഴ ശക്തി പ്രാപിക്കുന്നു. ഇന്ന് 10 ജില്ലകളിലും ലക്ഷദ്വീപിലും മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. നാളെ മഴ അതിശക്തമാകാൻ സാധ്യതയുള്ളതിനാൽ നാല് ജില്ലകളിൽ ഓറഞ്ച് ജാഗ്രതയും മറ്റ് എല്ലാ ജില്ലകളിലും മഞ്ഞ

ജാഗ്രതയുമാണ്. കേരളം, ലക്ഷദ്വീപ് തീരങ്ങളിൽ ഈ മാസം 5 വരെ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി. കർണാടക തീരത്ത് നാളെ മുതൽ വെള്ളിയാഴ്ച വരെ മത്സ്യബന്ധനത്തിന് പോകാൻ പാടില്ലെന്നും നിർദ്ദേശം.

**************************************************

## പി.സി.വിഷ്ണുനാഥ്

കാലവർഷത്തിന് മുന്നോടിയായി പത്തനംതിട്ട ജില്ലയിലെ ദുരിതാശ്വാസ ക്യാമ്പുകളിൽ അടിസ്ഥാന സൗകര്യം ഉറപ്പാക്കുമെന്ന് മന്ത്രി പി സി വിഷ്ണുനാഥ്. കാലവർഷ മുന്നൊരുക്കവുമായി ബന്ധപ്പെട്ട് കലക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേർന്ന അവലോകന യോഗത്തിൽ അധ്യക്ഷതവഹിക്കുകയായി മന്ത്രി. ക്യാമ്പുകളിൽ ഭക്ഷണം, വെള്ളം, വൈദ്യുതി, മരുന്നുകൾ തുടങ്ങിയവ ലഭ്യമാക്കുമെന്നും അദ്ദേഹം അറിയിച്ചു.

**************************************************

## അനൂപ് ജേക്കബ്

മഴക്കാല അപകടങ്ങൾ മുൻകൂട്ടി കണ്ട് മനുഷ്യരുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകാനുള്ള നടപടികൾ വേഗതയോടെയും കൃത്യതയോടെയും സ്വീകരിക്കണമെന്ന് ഭക്ഷ്യ, സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി അനൂപ് ജേക്കബ്. മണ്ണിടിച്ചിൽ ഒഴിവാക്കാൻ റോഡുകളുടെ ഭിത്തികൾ ശാസ്ത്രീയമായി സംരക്ഷിക്കാൻ ദേശീയപാത അതോറിറ്റിയും പൊതുമരാമത്ത് വിഭാഗവും ശ്രദ്ധിക്കണമെന്ന് ഇടുക്കി കളക്ടറേറ്റിൽ ചേർന്ന യോഗത്തിൽ മന്ത്രി ആവശ്യപ്പെട്ടു.

RNU TVPM

******************************************************

## പാലക്കാട് (ഇൻട്രോ)

രണ്ടാം വിളയിൽ സംഭരിച്ച നെല്ലിന്റെ വിലവിതരണം സ്തംഭിച്ചതോടെ ആശങ്കയിലായിരിക്കുകയാണ് പാലക്കാട് ജില്ലയിലെ കർഷകർ. 350 കോടിയിലേറെ രൂപയാണ് സംഭരണ വിലയായി ജില്ലയിലെ കർഷകർക്ക് ലഭിക്കാനുള്ളത്.

വിശദാംശങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി **ഫൈസൽ അലിമുത്ത്....**

(വോയിസ്)

******************************************************

RNU TVPM

## സി.ബി.എസ്.ഇ- പോർട്ടൽ പ്രവർത്തനം

വിദ്യാർത്ഥികൾക്ക് മാർക്ക് പരിശോധനയ്ക്കും ഉത്തരക്കടലാസ് പുനർമൂല്യനിർണ്ണയത്തിനുമായി പോർട്ടൽ പ്രവർത്തനക്ഷമമാക്കി സി.ബി.എസ്.ഇ. ഇന്ന് മുതൽ ഈ മാസം ആറു വരെ വിദ്യാർഥികൾക്ക് ഓൺലൈനായി അപേക്ഷിക്കാം. ഇതുമായി ബന്ധപ്പെട്ട വിശദമായ വിവരങ്ങളും അപേക്ഷിക്കേണ്ട വിധവും വ്യക്തമാക്കുന്ന വീഡിയോ സി.ബി.എസ്.ഇ സമൂഹമാധ്യമത്തിലൂടെ പങ്കുവെച്ചിട്ടുണ്ട്. വിദ്യാർത്ഥികൾ നിർദ്ദേശങ്ങൾ കൃത്യമായി മനസ്സിലാക്കണമെന്നും ബോർഡ് അറിയിച്ചു.

******************************************************

## പ്ലസ് വൺ പ്രവേശനം

സംസ്ഥാനത്ത് പ്ലസ് വൺ കോഴ്സുകളിലേക്കുള്ള ഏകജാലക പ്രവേശനത്തിന് നാളെ വരെ അപേക്ഷിക്കാം. hscap.kerala.gov.in എന്ന വെബ്സൈറ്റിലാണ് അപേക്ഷ സമർപ്പിക്കേണ്ടത്.

*******************************************************

## ജഡ്ജിമാർ - സത്യപ്രതിജ്ഞ

സുപ്രീം കോടതിയിൽ പുതുതായി നിയമിതരായ അഞ്ച് ജഡ്ജിമാർ സത്യപ്രതിജ്ഞ ചെയ്തു. ചീഫ് ജസ്റ്റിസ് സൂര്യകാന്ത് സത്യവാചകം ചൊല്ലിക്കൊടുത്തു. ചീഫ് ജസ്റ്റിസുമായുള്ള കൂടിയാലോചനകൾക്ക് ശേഷം രാഷ്ട്രപതി ദ്രൗപദി മുർമുവാണ് പുതിയ ജഡ്ജിമാരെ നിയമിച്ചത്.

RNU TVPM

*******************************************************

## കണ്ണൂർ (ഇൻട്രോ)

കൊട്ടിയൂർ വൈശാഖ മഹോത്സവത്തിന് ഭക്തരുടെ തിരക്കേറുന്നു. അക്കരെ കൊട്ടിയൂരിലെ മണിത്തറയിൽ താത്കാലിക ശ്രീ കോവിൽ നിർമാണം വെള്ളിയാഴ്ച നടക്കുന്ന തിരുവോണം ആരാധനയ്ക്ക് മുൻപായി പൂർത്തിയാകും. കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി **കെ. ഓ. ശശിധരൻ....**

(വോയിസ്)

*******************************************************

## ഹോക്കി

ജപ്പാനിൽ നടക്കുന്ന പുരുഷ അണ്ടർ 18 ഏഷ്യാ കപ്പ് ഹോക്കി - മൂന്നാം പൂൾ എ മത്സരത്തിൽ കൊറിയയ്ക്കെതിരെ ഇന്ത്യക്ക് ജയം. ഒന്നിനെതിരെ 4 ഗോളുകൾക്കാണ് ഇന്ത്യയുടെ ജയം. ജയത്തോടെ, പൂൾ എയിൽ കൊറിയയ്ക്കും ജപ്പാനുമൊപ്പം ഇന്ത്യ ആറ് പോയിന്റുമായി സമനിലയിലെത്തി.

***************************************************

## ഓഹരി - സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. സെൻസെക്സ് 213 പോയിന്റ് നഷ്ടത്തിൽ 74,054 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 93 പോയിന്റ് നഷ്ടത്തിൽ 23,228 ലും വ്യാപാരം തുടരുന്നു.

സ്വർണവിലയിൽ മാറ്റമില്ല. പവന് ഒരു ലക്ഷത്തി 14,560 രൂപയും ഗ്രാമിന് 14,320 രൂപയുമാണ് ഇന്നത്തെ വില.

***************************************************

RNU TVPM

## കെ.വി. ദയാനന്ദൻ

കേരള ലളിത കലാ അക്കാദമി മുൻ അംഗവും ചിത്രകാരനുമായ കെ.വി. ദയാനന്ദൻ അന്തരിച്ചു. മലപ്പുറം പെരിങ്ങാവിലുള്ള വീട്ടിൽ ഇന്നലെ വൈകിട്ടായിരുന്നു അന്ത്യം. ചിത്രകലാകാരന്മാരുടെ ഉന്നതിക്കുവേണ്ടിയും, കുട്ടികളെ ചിത്രകല അഭ്യസിപ്പിക്കുന്നതിലും

അദ്ദേഹം വിവിധ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചിരുന്നു.

***************************************************

## യുവാവ് മരണപ്പെട്ടു

ഇടുക്കി കൊളുക്കുമലയിലെ സിംഹപാറയിൽ നിന്നും കൊക്കയിലേക്ക് ചാടിയ യുവാവ് മരിച്ചു. ചെന്നൈ അഭിരാമപുരം സ്വദേശി എൻ. ദ്രാവിനേഷ് ആണ് മരിച്ചത്. 400 അടിയോളം താഴ്ചയിൽ നിന്നാണ് യുവാവിന്റെ മൃതദേഹം കണ്ടെത്തിയത്.

*****************************************************

## പത്തനംതിട്ട - തീപിടുത്തം

പത്തനംതിട്ട കോന്നി പൂങ്കാവ് എസ് ബി ഐ ബാങ്കിൽ തീപിടുത്തം. ഫയലുകൾ സൂക്ഷിക്കുന്ന റൂമിലാണ് തീപിടിച്ചത്. ഫയർഫോഴ്സ് എത്തി തീ അണച്ചു. ഫയലുകൾ അടക്കം കത്തി നശിച്ചു.

**********************************************************************************************************

*****************************************************

RNU TVPM